Ref: 3245/K-5/KCBC/OL/DS 3.1.2020

**ക്രൈസ്തവ സഭകളുടെ ഐക്യത്തിനായുള്ള പ്രാർത്ഥനാവാരം 2020**

**അവർ ഞങ്ങളോട് അസാധാരണമായ കാരുണ്യം കാണിച്ചു (അപ്പ.പ്രവർത്തനങ്ങൾ 28:2)**

**2020-നായുള്ള ബൈബിൾ ഭാഗം - അപ്പ.പ്രവ.27:18-28:10 (സമയം അനുവദിക്കുന്നെങ്കിൽ ഓരോ ദിവസവും ശുശ്രൂഷയ്ക്കു മുമ്പ് എല്ലാവർക്കും ശ്രവ്യമായ രീതിയിൽ ഈ ബൈബിൾ ഭാഗം വായിക്കാവുന്നതാണ്.)**

2020-ലെ വിചിന്തന വിഷയത്തിന് ഒരു ആമുഖം

അവർ ഞങ്ങളോട് അസാധാരണമായ കാരുണ്യം കാണിച്ചു (അപ്പ.പ്രവ.28:2)

ക്രൈസ്തവരുടെ ഐക്യത്തിനായുള്ള 2020-ലെ പ്രാർത്ഥനാവാരത്തിന് ആവശ്യമായ വസ്തുതകളും വിവരങ്ങളും വിചിന്തനങ്ങളും പ്രാർത്ഥനകളും തയ്യാറാക്കിയിരിക്കുന്നതു മാൾട്ടായിലെയും ഗോസോയിലെയും ക്രൈസ്തവ സഭകളാണ്. (മാൾട്ടായിലെ ക്രൈസ്തവർ ഒന്നിച്ച് തയ്യാറാക്കിയത്) ഈ ദ്വീപുകളിൽ ക്രൈസ്തവ വിശ്വാസം എത്തിച്ചേർന്നത് അനുസ്മരിക്കുന്നതിനും അതിനായി ദൈവത്തിനു നന്ദി അർപ്പിക്കുന്നതിനുമായി വി.പൗലോസിന്റെ കപ്പൽ യാത്രയിലെ അപകടത്തിന്റെ തിരുനാൾ ഫെബ്രുവരി 10-ന് ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്നു. ഈ തിരുനാളിലെ വിചിന്തനത്തിനായി അപ്പ. പ്രവർത്തനങ്ങളിൽ നിന്ന് എടുത്ത ഭാഗങ്ങളാണ് ഈ വർഷത്തെ പ്രാർത്ഥനാവാരത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്.

വി.പൗലോസിനെ തടവുകാരനായി റോമിലേക്കു കൊണ്ടുപോകുന്നതു മുതലാണ് സംഭവപരമ്പര ആരംഭിക്കുന്നത് (അപ്പ.പ്രവ.27:1) വി.പൗലോസ് ബന്ധനസ്ഥനായി പക്ഷേ യാത്ര അപകടകരമായി പരിണമിക്കുന്നു. ദൈവത്തിന്റെ ദൗത്യം അദ്ദേഹത്തിലൂടെ തുടരുന്നു.

ബീഭത്സവും ഭയാനകവുമായ പ്രാപഞ്ചികശക്തികളാൽ വലയം ചെയ്യപ്പെട്ട മാനവരാശി അവയെ അഭിമുഖീകരിക്കുകയും അവയ്ക്കെതിരെ പോരാടുകയും ചെയ്യുന്നതിനെക്കുറിച്ചുള്ള ഉൽക്കൃഷ്ടനാടകം ഈ വിവരണത്തിൽ തെളിഞ്ഞുകാണാൻ സാധിക്കും. കപ്പലിൽ യാത്രക്കാർ, കപ്പലിനു താഴെ കലിതുള്ളുന്ന കടൽ. ചുറ്റും ആക്രോശിച്ച് ആഞ്ഞടിക്കുന്ന കൊടുങ്കാറ്റ് ഇവ യാത്രികരെ അപരിചിതമായ പ്രദേശത്തേക്ക് കൊണ്ടുപോകുന്നു. അവിടെ അവർ മാർഗ്ഗദർശനമില്ലാതെ ഉഴറുന്നു. നിരാശയിലാഴുന്നു.

കപ്പലിൽ 276 പേർ വ്യക്തമായ സംഘങ്ങളായി അവർ വിഭജിക്കപ്പെടുന്നു. ശതാധിപനും അദ്ദേഹത്തിന്റെ പടയാളികൾക്കും ആയുധവും അധികാരവുമുണ്ട്. പക്ഷേ, നാവികരുടെ കഴിവും അനുഭവജ്ഞാനവും ആശ്രയിച്ചുകഴിയുന്നു. എല്ലാവരും ഭയചകിതരും അരക്ഷിതരും എളുപ്പം ക്ഷതപ്പെടുത്താവുന്നവരുമാണ്. പക്ഷേ, ഭയവും അരക്ഷിതാവസ്ഥയും കൂടുതൽ അനുഭവപ്പെടുന്നത് ബന്ധനസ്ഥരായ തടവുകാർക്കാണ്. അവർ പരിരക്ഷിക്കപ്പെടാൻ തക്കവണ്ണം പ്രാധാന്യമില്ലാത്തവരാണ്. ശരിയായ നടപടി ക്രമങ്ങൾ പാലിക്കപ്പെടാതെ അതിവേഗത്തിൽ നടത്തപ്പെടുന്ന വധശിക്ഷയെ അവർ അഭിമുഖീകരിക്കുന്നു. വിവരണം പുരോഗമിക്കുമ്പോൾ നമുക്ക് കാണാൻ സാധിക്കും അവർ ഭയത്തിന് അടിമപ്പെട്ടവരും സമ്മർദ്ദത്തിന് വിധേയരാണെന്നും. വിശ്വാസരാഹിത്യവും സംശയവും സംഘങ്ങൾ തമ്മിലുള്ള അകൽച്ച വിപുലീകരിക്കുന്നതും കാണാം. ആകെ കുഴഞ്ഞിമറിഞ്ഞ ഈ അവസ്ഥയിൽ ആശ്ചര്യജനകവും പ്രത്യേകം പ്രസ്താവ്യവുമായ രീതിയിൽ വി.പൗലോസ് സമാധാനത്തിന്റെ കേന്ദ്രമായി ശ്രദ്ധാർഹമായി നിലകൊള്ളുന്നു. തന്റെ വിധിയോടു വിരസത കാട്ടുന്ന ശക്തികളാലല്ല തന്റെ ജീവിതം നിയന്ത്രിക്കപ്പെടുന്നതെന്ന് അദ്ദേഹത്തിന് അറിയാം. താൻ ആരുടെ സ്വന്തമായിരിക്കുന്നോ,ആരെ ആരാധിക്കുന്നോ ആ ദൈവത്തിന്റെ കരങ്ങളിലാണ് തന്റെ ജീവിതം എന്ന് അദ്ദേഹത്തിനു ബോധ്യമുണ്ട് (അപ്പ.പ്രവ.27:23).

ഈ വിശ്വാസം അദ്ദേഹത്തിൽ ആത്മധൈര്യം നിറയ്ക്കുന്നു. റോമിൽ ചക്രവർത്തിയുടെ മുമ്പിൽ നില്ക്കും എന്നുള്ള ആത്മവിശ്വാസം ജനിക്കുന്നു. സഹയാത്രികരെ അഭിമുഖീകരിക്കാനും ദൈവത്തിന് കൃതജ്ഞത പ്രകാശിപ്പിക്കാനും ഈ വിശ്വാസം അദ്ദേഹത്തിന് ധൈര്യം നല്കുന്നു. പൗലോസിന്റെ നിർദ്ദേശവും നിദർശനവുമനുസരിച്ച് അപ്പം മുറിച്ച് പങ്കു വയ്ക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകളിൽ വിശ്വാസമർപ്പിച്ചുകൊണ്ട് അവർ പുതിയ പ്രതീക്ഷയിൽ ഏകീകൃതരായി.

ഈ ബൈബിൾ ഭാഗത്തുള്ള ഒരു പ്രധാനവിഷയത്തെ ഇത് സോദാഹരണം വിശദീകരിക്കുന്നു. വളരെ പ്രാധാന്യമുള്ള ആ വിഷയം 'ദിവ്യപരിപാലന'യാണ്. പ്രതികൂലാവസ്ഥയിലും കപ്പൽയാത്ര ആരംഭിക്കണമെന്നുള്ളത് ശതാധിപന്റെ തീരുമാനം. പ്രക്ഷുബ്ധമായ സാഹചര്യത്തിലുടനീളം കപ്പലിനെ

എങ്ങനെ നിയന്ത്രിക്കണമെന്നത് നാവികരുടെ തീരുമാനം. പക്ഷേ, ഒടുവിൽ അവരുടെ പദ്ധതികളെല്ലാം തകിടം മറിയ്ക്കപ്പെടുന്നു. ഏകമാനസരായി നിലകൊള്ളുന്നതിലൂടെയും കപ്പൽ അപകടത്തിൽപ്പെടാൻ അനുവദിക്കപ്പെടുന്നതിലൂടെയും അവർ രക്ഷിക്കപ്പെടാൻ ഇടയാകുന്നു. അത് ദിവ്യപരിപാലനയിലൂടെയാണ്. കപ്പലും കപ്പലിലെ വിലപിടിപ്പുള്ള ചരക്കും നഷ്ടപ്പെടും. പക്ഷേ, കപ്പലിലുള്ളവരെല്ലാം രക്ഷിക്കപ്പെടും. "എന്തെന്നാൽ നിങ്ങളുടെ ഒരു തലമുടിയിഴപോലും നശിച്ചുപോവുകയില്ല." (അപ്പ.പ്രവ.27:34,വി. ലൂക്കാ 21:18) ക്രൈസ്തവ ഐക്യത്തിനായുള്ള നമ്മുടെ അന്വേഷണത്തിലും യത്നത്തിലും നമ്മൾ ഗാഢമായി ബന്ധപ്പെട്ടിരിക്കുന്ന പലതും ത്യജിക്കുവാൻ ദിവ്യപരിപാലനയോടുള്ള നമ്മുടെ അടിയറവ് ആവശ്യപ്പെടും ദൈവം പ്രാധാന്യം കല്പിക്കുന്നത് എല്ലാ ജനതകളുടെയും രക്ഷയ്ക്കാണ്.

താല്പര്യങ്ങളിലും ആശയങ്ങളിലും വിയോജിപ്പ് പുലർത്തുന്ന വ്യത്യസ്ത് ജനം 'ഏതോ ദ്വീപിന്റെ' മണൽത്തിട്ടയിൽ ഉറച്ചുപോകുന്നു. ഒരേ ജലയാനത്തിൽ വിധിയാൽ അകപ്പെട്ടുപോയവർ ഒരേ ലക്ഷ്യസ്ഥാനത്ത് എത്തുന്നു (അപ്പ.പ്രവ.27:26) അവിടെ ദ്വീപു നിവാസികളിൽ നിന്നു ലഭിക്കുന്ന ആതിഥ്യ മര്യാദയിലൂടെ അവരുടെ പൊതുമാനവികത വെളിപ്പെടുത്തുന്നു. അവരെ അറിയുകയോ മനസ്സിലാക്കുകയോ ചെയ്യാത്ത ജനത്തിന്റെ ആവൃതിയിൽ അവർ തീകായുമ്പോൾ, അവരുടെ അധികാരത്തിന്റെയും സ്ഥാനമാനങ്ങളുടെയും വ്യത്യാസങ്ങൾ അടർന്നു വീഴുന്നു. 276 പേരും അവരോടു വിരസത കാട്ടുന്ന ശക്തികൾക്ക് അധീനരല്ല; അവരോട് അസാധാരണമായ കാരുണ്യം കാട്ടുന്ന ഒരു ജനതയിലൂടെ സമൂർത്തമാപ്പെടുന്ന ദൈവത്തിന്റെ സ്നേഹനിർഭരമായ പരിപാലനത്താൽ ആശ്ലേഷിതരാണ് (അപ്പ.28:2) തണുത്തു വിറങ്ങലിച്ച അവർക്ക് തീ കായാൻ സാധിക്കുന്നു. വിശപ്പടക്കാൻ അവർക്ക് ആഹാരം ലഭിക്കുന്നു. സുരക്ഷിതരായി യാത്ര തുടരാൻ സാധിക്കുന്നതുവരെ അവർ പരിരക്ഷിക്കപ്പെടുന്നു.

ഇന്ന് അനേകർ അതേ 'കടലുകളിൽ' അതേ 'ഭീകരതകളെ' അഭിമുഖീകരിക്കുന്നു. നമ്മൾ വിചിന്തനത്തിനായി ഉപയോഗിക്കുന്ന ഈ ബൈബിൾ ഭാഗത്ത് പരാമർശിക്കപ്പെടുന്ന സ്ഥലനാമങ്ങൾ തന്നെ ആധുനിക അഭയാർത്ഥികളുടെ കാര്യനിവാരണങ്ങളിലും പ്രത്യക്ഷപ്പെടുന്നു. പ്രകൃതിദുരന്തങ്ങൾ, യുദ്ധം, ദാരിദ്ര്യം എന്നിവയിൽന നിന്ന് രക്ഷ നേടാൻ ലോകത്തിന്റെ ഇതരഭാഗങ്ങളിൽ അനേകർ കടൽമാർഗ്ഗവും കരമാർഗ്ഗവും ഇതേ തരത്തിലുള്ള അപകടകരമായ യാത്രകൾ നടത്തുന്നു. വികാരരഹിതം വിരസത പുലർത്തുന്ന വമ്പിച്ച ശക്തികളുടെ അധീനതയിലാണ് അവരുടെ ജീവിതങ്ങളും. ഇവ പ്രകൃതിശക്തികൾ മാത്രമല്ല, രാഷ്ട്രീയവും സാമ്പത്തികവും മനുഷ്യജന്യവുമാണ്. മാനവജന്യമായ താല്പര്യമില്ലായ്മ പല രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു. കടൽയാത്രയ്ക്ക് യോഗ്യമല്ലാത്ത യാനങ്ങളിൽ നിസ്സഹായരായവർക്ക് ഇടം വില്ക്കുന്നവരുടെ വികാരശൂന്യമായ വിരസത; കടലിൽ അകപ്പെട്ടുപോകുന്ന അഭയാർത്ഥികളെ രക്ഷിക്കാൻ യാനങ്ങൾ അയയ്ക്കാതിരിക്കാനുള്ള തീരുമാനത്തിൽ തെളിയുന്ന വികാരശൂന്യമായ വിരസത; അഭയാർത്ഥികൾ യാത്ര ചെയ്യുന്ന കപ്പലുകളെ ആട്ടിപ്പായിക്കുന്നതിൽ പ്രകടമാകുന്ന വികാരശൂന്യവും ക്രൂരവുമായ വിരസത. ഇവ ചില ഉദാഹരണങ്ങൾ മാത്രം. ഈ അഭയാർത്ഥി പ്രതിസന്ധികളെ ഒരുമിച്ച് അഭിമുഖീകരിക്കുന്ന ക്രൈസ്തവർ എന്ന നിലയിൽ ഈ വിവരണം നമ്മുടെ മുമ്പിൽ ഉയർത്തുന്ന വെല്ലുവിളി ഭാവത്തിലുള്ള ചില ചോദ്യങ്ങൾ ഇവയാണ്. വികാരരഹിതവും ക്രൂരവും മനുഷ്യത്വരഹിതവുമായ വിരസതയുടെ ശക്തികളുമായി നമ്മൾ നിഗൂഢ ധാരണയിലാണോ? അല്ലെങ്കിൽ നമ്മൾ 'അസാധാരണമായ കരുണ' കാണിക്കുന്നുണ്ടോ? അപ്രകാരം എല്ലാ ജനങ്ങൾക്കും ദൈവത്തിന്റെ സ്നേഹനിർഭരമായ പരിപാലനത്തിന് സാക്ഷികൾ ആകുന്നുണ്ടോ?

ക്രൈസ്തവ ഐക്യത്തിനായുള്ള നമ്മുടെ അന്വേഷണങ്ങളിലും പരിശ്രമങ്ങളിലും വളരെ ആവശ്യമായ ഒരു പുണ്യമാണ് ആതിഥേയ മര്യാദ. ആവശ്യത്തിലായിരിക്കുന്നവരോട് കൂടുതൽ ഉദാരത കാട്ടാൻ നമ്മോട് ആഹ്വാനം ചെയ്യുന്ന പുണ്യശക്തി നിറഞ്ഞ ഒരു അനുഷ്ഠാനമാണത്. അന്ന് ക്രിസ്തുവിനെ അറിയാത്തവരായിരുന്നു വി.പൗലോസിനോടും സഹയാത്രികരോടും അസാധാരണമായ കരുണ കാണിച്ചത്. അവരുടെ അസാധാരണമായ കരുണയിലൂടെയായിരുന്നു വിഭജിതരായൊരു ജനം ഏകീകൃതരായത്. പരസ്പരം ആതിഥേയത്വം വഹിക്കുക സുപ്രധാനമാണ്. എങ്കിലും നമ്മുടെ ക്രൈസ്തവ ഐക്യം കണ്ടെത്തുന്നത് ഇതിലൂടെ മാത്രമല്ല, നമ്മുടെ ഭാഷയും സംസ്ക്കാരവും വിശ്വാസവും പങ്കുവയ്ക്കാത്തവരുമായുള്ള നമ്മുടെ സ്നേഹസമ്പന്നമായ സമാഗമത്തിലൂടെയുമാണ്.

ഇപ്രകാരമുള്ള പ്രക്ഷുബ്ധമായ യാത്രകളിലും യാദൃശ്ചിക സമാഗമങ്ങളിലും തന്റെ സഭയ്ക്കും ജനത്തിനുമായുള്ള ദൈവത്തിന്റെ തിരുവുള്ളം സാക്ഷാത്കരിക്കപ്പെടുന്നത്. റോമിൽ വച്ച് വി.പൗലോസ് വിളംബരം ചെയ്തതുപോലെ 'ദൈവത്തിൽ നിന്നുള്ള' ഈ രക്ഷ എല്ലാ ജനതകളിലേക്കും അയയ്ക്കപ്പെട്ടിരിക്കുന്നു. (അപ്പ.പ്രവ.28:28).

അഷ്ടാംഗദിന വിചിന്തനങ്ങളും ആരാധനശുശ്രൂഷയും അപ്പസ്തോല പ്രവർത്തന ഭാഗങ്ങളിൽ

കേന്ദ്രീകൃതമായിരിക്കും. അഷ്ടാംഗദിന ആരാധനശുശ്രൂഷയ്ക്കായുള്ള വിചിന്തനവിഷയങ്ങൾ:

**ഒന്നാം ദിനം: അനുരഞ്ജനം: കപ്പലിൽ നിന്നും സാധനങ്ങൾ പുറന്തള്ളുന്നത്.**

**രണ്ടാം ദിനം: ബോധോദയം: ക്രിസ്തുവിന്റെ വെളിച്ചം അന്വേഷിക്കുന്നതും അപരർക്കായി പ്രകാശിപ്പിക്കുന്നതും.**

**മൂന്നാം ദിനം: പ്രത്യാശ: വി.പൗലോസിന്റെ സന്ദേശം**

**നാലാം ദിനം: വിശ്വസ്തത, ഭയപ്പെടേണ്ട, വിശ്വസിക്കൂ**

**അഞ്ചാം ദിനം: ശക്തി: യാത്രയ്ക്കുള്ള ഒരുക്കമായി അപ്പം മുറിക്കുന്നത്.**

**ആറാം ദിനം : ആതിഥേയത്വം : അസാധാരണമായ കാരുണ്യം കാണിക്കുന്നത്.**

**ഏഴാം ദിനം: മാനസാന്തരം: ഹൃദയങ്ങളുടെയും മനസ്സുകളുടെയും പരിവർത്തനം**

**എട്ടാം ദിനം: മഹാമനസ്കത: സ്വീകരിക്കുന്നതും കൊടുക്കുന്നതും.**

## ഐക്യ ആരാധനാശുശ്രൂഷ

## ആരാധനാശുശ്രൂഷയ്ക്കായുള്ള കുറിപ്പുകൾ

മാൾട്ടാ ഒരു ദ്വീപ് രാഷ്ട്രമാണ്. അതിനാൽ കടലിലെ ബോട്ടുകൾ മാൾട്ടായിലെ ജീവിതത്തിലെ പ്രധാനഭാഗമാണ്. ഈ ആരാധനാശുശ്രൂഷയിലെ വിശുദ്ധ ഗ്രന്ഥം ചിത്രീകരിക്കുന്നത് വി.പൗലോസ് നടത്തുന്ന അപകടകരമായ കടൽ യാത്രയെക്കുറിച്ചാണ്. ക്രൈസ്തവർ ഒരുമിച്ച് ഐക്യത്തിലേക്ക് നടത്തുന്ന അപകടവും പ്രക്ഷുബ്ധതയും നിറഞ്ഞ യാത്രയുടെ പ്രതീകമായി ചിലപ്പോൾ ബോട്ട് അവതരിപ്പിക്കപ്പെടാറുണ്ട്. അതിനാൽ ആരാധനശുശ്രൂഷ ആരംഭിക്കുന്നതിനുമുമ്പ് ആരാധനാശുശ്രൂഷയ്ക്കായി ഒരുക്കിയിരിക്കുന്ന സ്ഥലത്ത് ഒരു വലിയ ബോട്ടിന്റെ മാതൃക പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു.

അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളുടെ വിവരണം സുദീർഘമാണ്. അതിൽ നാവികരുടെ ഭാഷയുടെ സ്വാധീനമുണ്ട്. ഇക്കാരണങ്ങളാൽ അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ വളരെ ശ്രദ്ധയോടെയാണ് വിളംബരം ചെയ്യേണ്ടത്. പ്രഭാഷണം നടത്തുന്ന ദൗത്യം വായനയ്ക്കായി വിനിയോഗിക്കപ്പെട്ടിരിക്കുന്നവർക്ക് പങ്കു വച്ച് നല്കുന്നത് പരിഗണിക്കാവുന്നതാണ്. പ്രഘോഷണത്തിനായി നാടകമോ മറ്റു മാധ്യമങ്ങളോ ഉപയോഗിക്കുന്നതും പരിഗണിക്കാവുന്നതാണ്. വിചിന്തനത്തിനായുള്ള വിശുദ്ധ ഗ്രന്ഥഭാഗം പ്രഘോഷണം ചെയ്യുന്നത് പ്രദർശിപ്പിക്കുന്ന ബോട്ടിന്റെ മാതൃകയുടെ അരികിലുള്ള സ്ഥാനത്തു നിന്നായിരിക്കുന്നത് അഭികാമ്യമാണ്.

## ആരാധനശുശ്രൂഷാക്രമം

**"അവർ ഞങ്ങളോട് അസാധാരണമായ കാരുണ്യം കാണിച്ചു (അപ്പ.പ്രവ.28:2)**

**L: ലീഡർ: (നേതൃത്വം നല്കുന്ന വ്യക്തി)**

**C:കോൺഗ്രെഗേഷൻ (വിശ്വാസീ സമൂഹം)**

**R:റീഡർ: (വായനയ്ക്കായി നിയോഗിക്കപ്പെട്ട വ്യക്തി)**

വിശ്വാസികൾ ആരാധനാശുശ്രൂഷയ്ക്കായി ഒത്തു ചേരുന്നു.

**പ്രാരംഭ ഗീതം**

പ്രാരംഭ ഗീതം ആലപിക്കപ്പെടുമ്പോൾ സഭാ നേതാക്കളും പ്രതിനിധികളും ക്രൈസ്തവ ഐക്യത്തിനായുള്ള ആരാധനാശുശ്രൂഷയ്ക്കായി ഒരുക്കിയിരിക്കുന്ന സ്ഥലത്ത് പ്രവേശിക്കുന്നു. ഏറ്റവും മുമ്പിൽ വിശുദ്ധ ഗ്രന്ഥവാഹകൻ ഉണ്ടായിരിക്കണം. എല്ലാവരും കണ്ടു വണങ്ങുന്നതിനായി വിശുദ്ധ ഗ്രന്ഥം ഉയർത്തിപ്പിടിക്കണം. ആരാധനാസമൂഹത്തിന്റെ മദ്ധ്യത്തിലായി ആദരണീയമായൊരു സ്ഥാനത്ത് വിശുദ്ധ ഗ്രന്ഥം പ്രതിഷ്ഠിക്കണം.

**സ്വാഗതാശംസകൾ**

**L:** നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവപിതാവിന്റെ സ്നേഹവും പരിശുദ്ധാരൂപിയുടെ സംസർഗ്ഗവും നിങ്ങൾ എല്ലാവരോടും ഉണ്ടായിരിക്കട്ടെ.

**C:**അങ്ങയോടും കൂടെ

**L:**ക്രിസ്തുവിൽ പ്രിയസഹോദരരേ, നമ്മൾ ഇവിടെ സമ്മേളിച്ചിരിക്കുന്നത് ലോകമെമ്പാടുമുള്ള ക്രൈസ്തവരുടെ രമ്യപ്പെടലിനും ഐക്യത്തിനുമായി പ്രാർത്ഥിക്കാനാണ്. നൂറ്റാണ്ടുകളായി ക്രൈസ്തവരുടെ ഇടയിൽ അനൈക്യവും വിഭാഗീയതയും നിലനില്ക്കുന്നു. ഇത് വേദനാജനകമാണ്, ദൈവത്തിന്റെ തിരുവുള്ളത്തിന് എതിരാണ്. പ്രാർത്ഥനയുടെ ശക്തിയിൽ വിശ്വസിക്കുന്നവരാണ് നമ്മൾ. വിഭാഗീയത തരണം ചെയ്യാൻ ശ്രമിക്കുമ്പോൾ, ലോകമെമ്പാടുമുള്ള ക്രൈസ്തവരുമായി ഐക്യപ്പെട്ടുകൊണ്ട് നമ്മുടെ പ്രാർത്ഥനകൾ ദൈവത്തിന് അർപ്പിക്കാം.

ക്രൈസ്തവ ഐക്യത്തിനായുള്ള ഈ വർഷത്തെ അഷ്ടാംഗദിനപ്രാർത്ഥനാ ശുശ്രൂഷയ്ക്ക് ഉപയോഗ്യമായവ ഒരുക്കിയിരിക്കുന്നത് മാൾട്ടായിലെ വ്യത്യസ്ത ക്രൈസ്തവ സഭകളാണ്. ഈ ചെറിയ ദ്വീപുരാഷ്ട്രത്തിലെ ക്രൈസ്തവരുടെ ചരിത്രം അപ്പസ്തോലന്മാരുടെ കാലം മുതൽ നിലനില്ക്കുന്നതാണ്. പാരമ്പര്യ സാക്ഷ്യാനുസൃതം വിജാതിയരുടെ അപ്പസ്തോലനായ വി.പൗലോസ് ക്രിസ്തുവർഷം അറുപതാമാണ്ടിലാണ്. മാൾട്ടായുടെ തീരത്തെത്തിയത്. ആവേശജനകവും ദിവ്യപരിപാലനയുടെ സാക്ഷ്യങ്ങളായ സംഭവങ്ങൾ നിറഞ്ഞതുമായ വിവരണം അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങളുടെ അവസാനത്തെ രണ്ടു അദ്ധ്യായങ്ങളിൽ അവതരിപ്പിക്കപ്പെടുന്നു.

ജനവാസമുള്ള രണ്ടു പ്രധാന ദ്വീപുകളാണ് മാൾട്ടായും ഗോസോയും. ഈ പ്രധാന ദ്വീപുകളും മറ്റു ഉപദ്വീപുകളും ചേർന്നു രൂപം നല്കുന്ന ചെറിയ രാജ്യമാണ് മാൾട്ടാ. സിസിലിയുടെയും വടക്കൻ ആഫ്രിക്കയുടെയും ഇടയിലുള്ള ദൂരത്തിന്റെ പകുതിയിൽ മദ്ധ്യധരണ്യാഴിയുടെ ഹൃദയഭാഗത്തായി ഇതു സ്ഥിതി ചെയ്യുന്നു. സംസ്കാരങ്ങളുടെയും മതങ്ങളുടെയും സമാഗമസ്ഥാനത്താണ് ബൈബിളുമായി ബന്ധപ്പെട്ട ഈ ചെറു ഭൂവിഭാഗം സ്ഥിതി ചെയ്യുന്നത്. വി.പൗലോസ് അപ്പസ്തോലന്റെ കപ്പൽ യാത്രയുടെ വിവരണം ഉൾക്കൊള്ളും വി.ഗ്രന്ഥഭാഗം മാൾട്ടായിലെ ക്രിസ്തുമതാരംഭത്തെ അടയാളപ്പെടുത്തുന്നു.

ക്രൈസ്തവ ഐക്യത്തിനായുള്ള അഷ്ടാംഗദിനപ്രാർത്ഥനാശുശ്രൂഷയ്ക്ക് ഉപയോഗ്യമായ പ്രാർത്ഥനകളും വിചിന്തനങ്ങളും കപ്പലപകടത്തിൽപ്പെട്ടവരോട് ദ്വീപു നിവാസികൾ കാണിച്ച ആതിഥേയ ത്വത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു. 'അവർ ഞങ്ങളോട് അസാധാരണമായ കരുണ കാണിച്ചു (അപ്പ.പ്രവ.28:2) ഇന്നു നമ്മൾ ക്രൈസ്തവ ഐക്യത്തിനായി പ്രാർത്ഥിക്കുമ്പോൾ പരസ്പരം പങ്കുവയ്ക്കുന്ന സ്നേഹവും ബഹുമാനവും വർഷം മുഴുവനും നിലനില്ക്കട്ടെയെന്ന് ആശിക്കുന്നു.

പരിശുദ്ധാരൂപിയുടെ സഹായത്തിനായുള്ള പ്രാർത്ഥന ഓരോ പ്രാർത്ഥനയ്ക്കുശേഷമുള്ള പ്രതിവചനം ഗായകസംഘനേതാവിന് ആലപിക്കാവുന്നതാണ്. വിശ്വാസീ സമൂഹത്തിന് അത് ഏറ്റുപാടുകയും ചെയ്യാം

**L:** സ്നേഹാരൂപിയേ, ഈ വിശ്വാസിസമൂഹത്തിൽ വന്നു വസിക്കണമേ.

**C:**പാവനാത്മനേ വന്നീടണേ, പാവനാത്മനേ വന്നീടണേ

**L:**ഐക്യത്തിന്റെ അരൂപിയേ, ക്രൈസ്തവ ഐക്യത്തിലേക്കുള്ള വഴി കാണിച്ചുതരണമേ.

**C:**പാവനാത്മനേ വന്നീടണേ, പാവനാത്മനേ വന്നീടണേ

**L:**ആതിഥേയത്വത്തിന്റെ അരൂപിയേ, എല്ലാവരെയും ഉൾക്കൊണ്ട് സ്വാഗതം ചെയ്തു സ്വീകരിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

**C:**പാവനാത്മനേ വന്നീടണേ, പാവനാത്മനേ വന്നീടണേ

അനുകമ്പയുടെ അരൂപിയേ, ഞങ്ങൾ കണ്ടുമുട്ടുന്നവരോടുള്ള ബഹുമാനം നിറഞ്ഞ മനോഭാവം ഞങ്ങളിൽ ജനിപ്പിക്കണമേ.

**C:**പാവനാത്മനേ വന്നീടണേ, പാവനാത്മനേ വന്നീടണേ

പ്രത്യാശയുടെ അരുപീയേ, ക്രൈസ്തവ ഐക്യം പരിപോഷിപ്പിക്കുന്ന ഈ എക്യുമെനിക്കൽ യാത്രയിലെ എല്ലാ തടസ്സങ്ങളിൽ നിന്നും ഞങ്ങളെ തന്നെ വിമുക്തരാക്കാൻ സഹായിക്കണമേ.

**C:**പാവനാത്മനേ വന്നീടണേ, പാവനാത്മനേ വന്നീടണേ

പാപപ്പൊറുതിയ്ക്കും അനുരഞ്ജനത്തിനുമായുള്ള പ്രാർത്ഥനകൾ

ഗായകസംഘ നേതാവിന് പ്രതിവചനം ആലപിക്കാവുന്നതാണ്. വിശ്വാസീ സമൂഹത്തിന് അത്

ഏറ്റുപാടുകയും ചെയ്യാം.

കഴിഞ്ഞ കാലങ്ങളിൽ  വിവിധ ക്രൈസ്തവസഭകളിലും പാരമ്പര്യങ്ങളിലും നിന്നുള്ള ഞങ്ങൾ തമ്മിൽ വിശ്വാസരാഹിത്യം നിലനിർത്തിയിട്ടുണ്ട്, ദുഷ്പ്രവർത്തികൾ ചെയ്തിട്ടുണ്ട്, തെറ്റുകളിൽ വീണിട്ടുണ്ട്. കർത്താവേ ഇവയെല്ലാം ക്ഷമിക്കണമേ.

**C:**കർത്താവേ കനിയണമേ

കർത്താവേ, അങ്ങ് മാത്രമാണ് ഏകസത്യ ജ്യോതിസ്സ് പക്ഷേ, ഞങ്ങൾ പ്രകാശത്തിന്റെ പാത അന്വേഷിക്കാതെ തമസ്സിൽ തന്നെ നിലനിന്നിട്ടുണ്ട്. കർത്താവേ, ഇതിനായി ഞങ്ങൾ അങ്ങയോടു ക്ഷമ ചോദിക്കുന്നു.

**C:**കർത്താവേ കനിയണമേ

ജീവദായക പ്രതീക്ഷയുടെയും യഥാർത്ഥ ഉപവിയുടെ ജനതയായി തീരുന്നതിൽ ഞങ്ങൾ പരാജയപ്പെട്ടിട്ടുണ്ട്. ഞങ്ങൾ വിശ്വാസരാഹിത്യം പ്രകടിപ്പിച്ചിട്ടുണ്ട്. കർത്താവേ ഇതിനായി ഞങ്ങൾ അങ്ങയോടു ക്ഷമ ചോദിക്കുന്നു.

**C:**കർത്താവേ കനിയണമേ

കർത്താവേ, ഞങ്ങൾ മറ്റുള്ളവരെ വേദനിപ്പിച്ചിട്ടുണ്ട്. അവർക്ക് പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്, അവരെ മാനസികമായി പീഡിപ്പിച്ചിട്ടുണ്ട്. ഇതിനെല്ലാം ഞങ്ങൾ അങ്ങയോടു ക്ഷമ ചോദിക്കുന്നു.

**C:**കർത്താവേ കനിയണമേ

എല്ലാവരോടും പ്രത്യേകിച്ച് അപരിചിതരോടും അഭയാർത്ഥികളോടും ആതിഥ്യമര്യാദ കാട്ടാതെ വിരസതയോടെ വൈകാരിക അകൽച്ചയിൽ ഒറ്റപ്പെട്ടു നിന്നതിന് കർത്താവേ അങ്ങയോടു ഞങ്ങൾ ക്ഷമ ചോദിക്കുന്നു.

**C:**കർത്താവേ കനിയണമേ

കർത്താവ് ആർദ്രഹൃദയനും കാരുണ്യവാനുമാണ്. ക്ഷമാശീലനും സ്നേഹനിധിയുമാണ്. ഭൂമിക്കുമേൽ ഉയർന്നിരിക്കുന്ന ആകാശത്തോളം ഉന്നതമാണ് തന്റെ ഭക്തരോടും തന്നെ ഭയക്കുന്നവരോടും അവിടുന്നു കാണിക്കുന്ന കാരുണ്യവും മാറ്റമില്ലാത്ത സ്നേഹവും. കിഴക്കും പടിഞ്ഞാറും തമ്മിലുള്ള അകലത്തിൽ നമ്മുടെ പാപങ്ങളെ അവിടുന്ന് നമ്മിൽ നിന്ന് അകറ്റി നിർത്തുന്നു. (സങ്കീ 103:8,11-12).

**C:**ആമേൻ

സ്തോത്രഗീതം

ജീവിക്കുന്ന ദൈവവചനത്തെ ശ്രദ്ധയോടെ ശ്രവിക്കാം.

**L:** സ്വർഗ്ഗസ്ഥനായ പിതാവേ, അവിടുത്തെ വചനം പ്രവേശിക്കാൻ ഞങ്ങളുടെ ഹൃദയങ്ങളെയും മനസ്സുകളെയും തുറക്കണമേ.

**C:**അവിടുത്തെ വചനങ്ങൾ ജീവനും ജീവാത്മാവുമാണ്

**L:**ഐക്യത്തിലും ഉപവിയിലും ഞങ്ങൾ പരസ്പരം കൂടുതൽ അടുക്കുവാൻ ഞങ്ങളെ നയിക്കണമേ.

**C:**അവിടുത്തെ വചനങ്ങൾ ജീവനും ജീവാത്മാവുമാണ്

(പ്രതിദിന പാരായണത്തിനുള്ള ബൈബിൾ ഭാഗം പിന്നാലെ രേഖപ്പെടുത്തിയിട്ടുണ്ട്)

**R:**അവിടുത്തെ വചനങ്ങൾ ജീവനും ജീവാത്മാവുമാണ്(വായനക്കാരൻ) - ഇതാ കർത്താവിന്റെ വചനം

**C:**രക്ഷകനും സൗഖ്യദായകനുമായ ദൈവത്തിന് നന്ദി

സങ്കീർത്തനം 107:8-9, 19-22,28-32.

എങ്കിൽ ഗായകസംഘനേതാവിന് സങ്കീർത്തനഭാഗങ്ങൾ ആലപിക്കാവുന്നതാണ്. വിശ്വാസി സമൂഹത്തിന് പ്രതിവചനം ആലപിക്കാവുന്നതാണ്.

പ്രതിവചനം: ശക്തമായ തിരകളിൽ നിന്നും കർത്താവ് നമ്മെ രക്ഷിച്ചിരിക്കുന്നു.

**L:**അവർ കർത്താവിന് അവിടുത്തെ കാരുണ്യത്തെ പ്രതിയും മനുഷ്യമക്കൾക്കായി അവിടുന്നു ചെയ്ത അത്ഭുതങ്ങളെ പ്രതിയും നന്ദി പറയട്ടെ! എന്തെന്നാൽ, അവിടുന്നു ദാഹാർത്തനു തൃപ്തി വരുത്തുകയും വിശപ്പുള്ളവനു വിശിഷ്ടവിഭവങ്ങൾ കൊണ്ടു സംതൃപ്തി ഉളവാക്കുകയും ചെയ്യുന്നു.

**C:**പ്രതിവചനം

**L:** അവർ കർത്താവിന് അവിടുത്തെ മാറ്റമില്ലാത്ത സ്നേഹത്തെ പ്രതിയും മനുഷ്യമക്കൾക്കായി അവിടുന്നു ചെയ്ത അത്ഭുതങ്ങളെപ്രതിയും നന്ദി പറയട്ടെ! അവർ കൃതജ്ഞതാ ബലി അർപ്പിക്കട്ടെ; ആനന്ദഗീതം ആലപിച്ച് അവിടുത്തെ പ്രവൃത്തികളെ പ്രകീർത്തിക്കട്ടെ.

**C:**(പ്രതിവചനം)

അപ്പോൾ തങ്ങളുടെ കഷ്ടതയിൽ അവർ കർത്താവിനോടു നിലവിളിച്ചപേക്ഷിച്ചു; അവിടുന്ന് അവരെ ഞെരുക്കങ്ങളിൽ നിന്നു വിടുവിച്ചു. അവിടുന്ന് കൊടുങ്കാറ്റിനെ ശാന്തമാക്കി; തിരമാലകളെ നിശ്ശബ്ദമാക്കി. ശാന്തത വന്നതുകൊണ്ട് അവർ സന്തോഷിച്ചു; അവർ ആഗ്രഹിച്ച തുറമുഖത്ത് അവിടുന്ന് അവരെ എത്തിച്ചു.

**C:**പ്രതിവചനം

**L:**അവർ കർത്താവിന് അവിടുത്തെ മാറ്റമില്ലാത്ത സ്നേഹത്തെപ്രതിയും അവിടുന്ന് ചെയ്ത അത്ഭുതങ്ങളെ പ്രതിയും നന്ദി പറയട്ടെ! ജനത്തിന്റെ സഭയിൽ അവർ അവിടുത്തെ മഹത്വപ്പെടുത്തട്ടെ. ശ്രേഷ്ഠന്മാരുടെ സഭയിൽ അവിടുത്തെ പ്രകീർത്തിക്കട്ടെ.

**C:**പ്രതിവചനം

സുവിശേഷപാരായണത്തിനു മുമ്പും പിമ്പും അല്ലേലൂയാ സ്തുതിഗീതം പാടാവുന്നതാണ്.

സുവിശേഷ പാരായണം

(പ്രതിദിന സുവിശേഷഭാഗം പിന്നാലെ കൊടുത്തിട്ടുണ്ട്)

**L:**(വായനക്കാരൻ) കർത്താവിന്റെ സുവിശേഷം

**C:**കർത്താവായ യേശുക്രിസ്തുവേ അങ്ങേയ്ക്കു സ്തുതി. അവിടുന്നു തന്നെയാണ് സദ്വാർത്ത.

ലഘുപ്രഭാഷണം

ഗീതം

പ്രിയസഹോദരരേ, കർത്താവായ യേശുക്രിസ്തുവിൽ നമ്മൾ ഏകിതരായിരിക്കുന്നതിനാൽ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രീത്വൈക ദൈവത്തിൽ നമുക്കുള്ള പൊതുവായ വിശ്വാസത്തെ വിളംബരം ചെയ്യാം.

നൈസീൻ വിശ്വാസപ്രമാണം/ അപ്പസ്തോല വിശ്വാസപ്രമാണം

വിശ്വാസികളുടെ പ്രാർത്ഥന

(വിശ്വാസികളുടെ പ്രാർത്ഥന ചൊല്ലുമ്പോൾ എട്ട് തുഴയുടെ മാതൃകകൾ വിശ്വാസീസമൂഹത്തിലെ പ്രതിനിധികൾ കൊണ്ടുവരേണ്ടതാണ്. അവർ വ്യത്യസ്ത സമൂഹങ്ങളെ പ്രതിനിധീകരിക്കുന്നവരായിരിക്കണം. ഓരോ മാതൃകയിലും ചുവടെ ചേർക്കുന്ന പദങ്ങളിൽ ഒന്നു വീതം എഴുതിയിരിക്കണം - അനുരഞ്ജനം, ബോധോദയം, പ്രതീക്ഷ, വിശ്വസ്തത, ശക്തി, ആതിഥേയത്വം, മാനസാന്തരം, മഹാമനസ്കത. ഓരോ പ്രാർത്ഥനയ്ക്കും അകമ്പടിയായിട്ട് ആയിരിക്കണം ഓരോ തുഴയുടെ മാതൃക അവതരിപ്പിക്കേണ്ടത്. മാതൃക ഉയർത്തി പിടിക്കപ്പെടണം. പിന്നെ അത് ബോട്ടിന്റെ മാതൃകയ്ക്കകത്തോ അതിന്റെ അരികിലോ വയ്ക്കണം. പിന്നെ നിശ്ശബ്ദപ്രാർത്ഥനയ്ക്കായി ചെറിയ ഇടവേള. ഓരോ പ്രാർത്ഥനാശകലവും ഓരോ വായനക്കാരൻ അവതരിപ്പിക്കുന്നു. ജനം പ്രതിവചനം ഉരുവിടുന്നു).

**L:** ജീവിതത്തിലെ കൊടുങ്കാറ്റുകളെ നമുക്ക് ഒറ്റയ്ക്ക് അഭിമുഖീകരിക്കാൻ സാധ്യമല്ല. എല്ലാവരും ഒരുമിച്ച് തുഴയുമ്പോഴാണ് വള്ളം മുമ്പോട്ട് നീങ്ങുന്നത്. പ്രശ്നങ്ങളെയും പ്രയാസങ്ങളെയും അഭിമുഖീകരിക്കുമ്പോഴാണ് 'ഒരുമിച്ചു തുഴയേണ്ടതിന്റെയും' നമ്മുടെ യത്നങ്ങളെ ഏകോപിപ്പിക്കേണ്ടതിന്റെയും ആവശ്യകത നമുക്ക് ബോധ്യപ്പെടാറുള്ളത്.

നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം

(നിശ്ശബ്ദ പ്രാർത്ഥന. ഒന്നാമത്തെ തുഴയുടെ മാതൃക അവതരിപ്പിക്കപ്പെടുന്നു. ഒന്നാമത്തെ പ്രാർത്ഥന ഉരുവിടപ്പെടുന്നു.)

**R:**(വായനക്കാരൻ) – നന്മയും കൃപയും നിറഞ്ഞ ദൈവമേ, ഞങ്ങളുടെ സഭകളെ മുറിപ്പെടുത്തുകയും ഞങ്ങളെ തുരുത്തുകളായി നിലനിർത്തുകയും ചെയ്ത കഴിഞ്ഞകാല അനുഭവങ്ങളെക്കുറിച്ചുള്ള വേദന നിറഞ്ഞ ഓർമ്മകളെ തുടച്ചുമാറ്റി സൗഖ്യം നല്കണമേ.

**C:**അനുരഞ്ജനത്തിനായുള്ള ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**R:**നന്മയും കൃപയും നിറഞ്ഞ ദൈവമേ, യഥാർത്ഥ പ്രകാശമായ ക്രിസ്തുവിലേക്ക് ഞങ്ങളുടെ പ്രയാണത്തിന്റെ മാർഗ്ഗവും ദിശയും സ്ഥിരപ്പെടുത്തുവാൻ ഞങ്ങളെ പഠിപ്പിക്കണമേ.

**C:**അനുരഞ്ജനത്തിനായുള്ള ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**R:**നന്മയും കൃപയും നിറഞ്ഞ ദൈവമേ, ജീവിതത്തിലെ കൊടുങ്കാറ്റുകൾ ഞങ്ങളെ കീഴ്പ്പെടുത്തുന്നതായി ഞങ്ങൾക്ക് അനുഭവപ്പെടുമ്പോൾ, അങ്ങയുടെ പരിപാലനത്തിൽ ആശ്രയിക്കാം എന്നുള്ള ഞങ്ങളുടെ വിശ്വാസത്തെ ശക്തിപ്പെടുത്തണമേ.

**C:**അനുരഞ്ജനത്തിനായുള്ള ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**R:** നന്മയും കൃപയും നിറഞ്ഞ ദൈവമേ, പരസ്പരം അംഗീകരിക്കാൻ ഞങ്ങളെ പ്രാപ്തരാക്കണമേ.

**C:**അനുരഞ്ജനത്തിനായുള്ള ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

നന്മയും സ്നേഹവും നിറഞ്ഞ ദൈവമേ, നീതിയോടെ സ്നേഹത്തിൽ സത്യം പറയുവാനുള്ള ധൈര്യം ഞങ്ങൾക്കു നല്കണമേ.

**C:**അനുരഞ്ജനത്തിനായുള്ള ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**R:** നന്മയും കൃപയും നിറഞ്ഞ ദൈവമേ, അപകടത്തിൽപ്പെട്ടിരിക്കുന്നവരും ആവശ്യത്തിലാണ്ടിരിക്കുന്നവരുമായ ഞങ്ങളുടെ സഹോദരി സഹോദരന്മാരെ സ്വാഗതം ചെയ്ത് സ്വീകരിക്കുന്നതിൽ ഞങ്ങൾക്കു തടസ്സം സൃഷ്ടിക്കുന്ന ദൃശ്യവും അദൃശ്യവുമായ എല്ലാ വിഘ്നങ്ങളെയും തകർക്കണമേ.

**C:**അനുരഞ്ജനത്തിനായുള്ള ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**R:** നന്മയും കൃപയും നിറഞ്ഞ ദൈവമേ, അവിടുത്തെ സൗഖ്യദാനവാഹകരാകാൻ ഞങ്ങളുടെ ഹൃദയങ്ങളെയും ഞങ്ങളുടെ ക്രൈസ്തവ സമൂഹങ്ങളിലുള്ള എല്ലാവരുടെയും ഹൃദയങ്ങളെയും പരിവർത്തനപ്പെടുത്തണമേ.

**C:**അനുരഞ്ജനത്തിനായുള്ള ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**R:** നന്മയും കൃപയും നിറഞ്ഞ ദൈവമേ, സൃഷ്ടിയെ മുഴുവനും അവിടുത്തെ ദാനമായി കാണുന്നതിന് ഞങ്ങളുടെ കണ്ണുകൾ തുറക്കണമേ, സൃഷ്ടിയുടെ ഫലങ്ങൾ ഐക്യദാർഢ്യത്തിൽ പങ്കുവയ്ക്കുവാൻ ഞങ്ങളുടെ കരങ്ങളെയും തുറക്കണമേ.

**C:**അനുരഞ്ജനത്തിനായുള്ള ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**L:** യേശുക്രിസ്തുവിൽ ഏകിതരായി, അവിടുന്നു തന്നെ പഠിപ്പിച്ച പദങ്ങൾ ഉപയോഗിച്ച് നമുക്ക് ഒരുമിച്ച് പ്രാർത്ഥിക്കാം.

**C:**സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ......

എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും ഇന്നും എന്നേക്കും അങ്ങയുടേതാകുന്നു..

ആമേൻ.

മാൾട്ടായിലെ ജനം വി.പൗലോസിനെയും സഹയാത്രികരെയും അസാധാരണമായ കരുണയോടെയാണ് സ്വീകരിച്ചത്. നമുക്ക് പരസ്പരം ആശംസകൾ അർപ്പിക്കാം. ക്രിസ്തുവിന്റെ ദാനമായ സമാധാനം പങ്കുവയ്ക്കുകയും ചെയ്യാം.

സദ്വാർത്ത വിളംബരം ചെയ്യാൻ നമ്മൾ ഒരുമിച്ച് അയയ്ക്കപ്പെട്ടിരിക്കുന്നു.

**L:**ക്രൈസ്തവരെന്ന നിലയിൽ നമ്മൾ ഒത്തുകൂടി. അതിനാൽ നമ്മൾ സഹശിഷ്യരായി.

ക്രൈസ്തവ ഐക്യത്തിനായി നമ്മൾ ഉൽക്കടമായ ആഗ്രഹം പുലർത്തുന്നു, അതിനാൽ ഈ പൊതുലക്ഷ്യം നേടാനുള്ള നമ്മുടെ സമർപ്പണത്തെ പുതുക്കാം.

(നിശ്ശബ്ദ പ്രാർത്ഥന)

(ആശീർവ്വാദ പ്രാർത്ഥന വ്യത്യസ്തസഭാവിഭാഗങ്ങൾക്ക് നേതൃത്വം നല്കുന്നവർക്കു ഒരുമിച്ചു ചൊല്ലാവുന്നതാണ്)

**L/Ls:**ഇരുട്ടിൽ നിന്നും പ്രകാശത്തിലേക്ക് നമ്മളെ ക്ഷണിച്ചിരിക്കുന്ന പിതാവായ ദൈവം നമ്മളെ അവിടുത്തെ പ്രകാശത്തിന്റെ യഥാർത്ഥവാഹകരാകട്ടെ.

**C:** ആമേൻ.

**L/Ls:**വിലമതിക്കാനാകാത്ത തന്റെ തിരുരക്തത്താൽ നമ്മെ വീണ്ടെടുത്ത പുത്രനായ ദൈവം മറ്റുള്ളവർക്കു സേവനം ചെയ്യുന്നതിൽ അവിടുത്തെ മാതൃക പിന്തുടരാൻ നമ്മളെ ശാക്തീകരിക്കട്ടെ.

**C:**ആമേൻ

**L/Ls:**ജീവന്റെ അധിപനും ജീവദാതാവുമായ പരിശുദ്ധാത്മാവുമായ ദൈവം ജീവിതത്തിലെ കപ്പലപകടങ്ങളെ അതിജീവിക്കാനും രക്ഷയുടെ തീരത്തണയാനും നമ്മളെ ശക്തരാക്കട്ടെ.

**C:** ആമേൻ

**L/Ls:**സർവ്വശക്തനും കൃപ നിറഞ്ഞവനുമായ ദൈവം, പിതാവും പുത്രനും പരിശുദ്ധാത്മാവും, ഇന്നും എന്നും നമ്മളെ അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ.

**C:** ആമേൻ

**C:**ദൈവസ്നേഹത്തിന്റെ അത്ഭുതങ്ങൾ വിളംബരം ചെയ്യാൻ നിശ്ചയദാർഢ്യത്തോടെ നമുക്കു പരിശ്രമം ആരംഭിക്കാം. ആമേൻ! അല്ലേലൂയാ, ആമേൻ!

സമാപനഗീതം

**എട്ടുദിവസത്തേയ്ക്കായുള്ള വചനവിചിന്തനങ്ങളും പ്രാർത്ഥനകളും**

**ഒന്നാം ദിവസം**

അനുരഞ്ജനം: കപ്പലിൽ നിന്നും സാധനങ്ങൾ പുറന്തള്ളുന്നത്.

അപ്പ.പ്രവർത്തനങ്ങൾ 27: 18 -19, 21, സങ്കീർത്തനം 85.

വി.ലൂക്കായുടെ സുവിശേഷം 18:9 -14.

പ്രാർത്ഥന

ക്ഷമിക്കുന്ന ദൈവമേ, ഏകീതരായുള്ള ക്രൈസ്തവ ജീവിതത്തിൽ മുറിവുകൾ ഉണർത്തുന്ന കഴിഞ്ഞ കാലത്തെ വേദനാനിർഭരമായ ഓർമ്മകളിൽ നിന്നും ഞങ്ങളെ സ്വതന്ത്രരാക്കണമേ.

വെറുപ്പിനെ സ്നേഹം കൊണ്ടും കോപത്തെ സൗമ്യത കൊണ്ടും സംശയത്തെ വിശ്വാസം കൊണ്ടും പരിശുദ്ധാരൂപിയിലൂടെ കീഴടക്കാൻ ഞങ്ങളെ അനുരഞ്ജനത്തിലേക്കു നയിക്കണമേ.

ഞങ്ങളുടെ സഹോദരനും അവിടുത്തെ പ്രിയപുത്രനുമായ യേശുവിന്റെ നാമത്തിൽ ഞങ്ങൾ ഈ പ്രാർത്ഥന സമർപ്പിക്കുന്നു ആമേൻ.

**രണ്ടാം ദിവസം**

**ബോധോദയം:** ക്രിസ്തുവിന്റെ വെളിച്ചം അന്വേഷിക്കുന്നതും അപരർക്കായി പ്രകാശിപ്പിക്കുന്നതും.

അപ്പ.പ്രവർത്തനങ്ങൾ 27:20

സങ്കീർത്തനം 119:105 -110

വി.മർക്കോസിന്റെ സുവിശേഷം 4:35-41.

പ്രാർത്ഥന

ദൈവമേ, അവിടുത്തെ വചനം ഞങ്ങളുടെ ചുവടുകൾക്കാവശ്യമായ പ്രകാശമാണ്. അവിടുത്തെ കൂടാതെ ഞങ്ങൾക്കു ദിശാബോധം നഷ്ടപ്പെടുന്നു, വഴി തെറ്റുന്നു. അവിടുത്തെ വഴിയിൽ നടക്കാൻ അവിടുത്തെ വചനത്താൽ ഞങ്ങളെ പ്രബുദ്ധരാക്കണമേ. മാർഗ്ഗദർശനം നല്കുന്ന സാന്ത്വനം നല്കുന്ന പരിരൂപവൽക്കരിക്കുന്ന അവിടുത്തെ സാന്നിദ്ധ്യത്തിനായി ഞങ്ങളുടെ സഭകൾ ഉൽക്കടമായി ആഗ്രഹിക്കാൻ ഇടയാക്കണമേ. അവിടുത്തെ പ്രകാശം കണ്ടെത്താൻ മറ്റുള്ളവർക്കു ഞങ്ങൾ പ്രയാസം സൃഷ്ടിക്കുമ്പോൾ അത് തിരിച്ചറിഞ്ഞു അംഗീകരിക്കാനുള്ള സത്യസന്ധത ഞങ്ങൾക്കു നല്കണമേ. അവിടുത്തെ പ്രകാശം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ ആവശ്യമായ അനുഗ്രഹം ഞങ്ങൾക്കു നല്കണമേ. ലോകത്തിന്റെ പ്രകാശമായി തീരാൻ തന്നെ അനുധാവനം ചെയ്യുന്ന ഞങ്ങളോടു ആഹ്വാനം ചെയ്യുന്ന അവിടുത്തെ പുത്രന്റെ നാമത്തിൽ ഞങ്ങൾ ഈ പ്രാർത്ഥന സമർപ്പിക്കുന്നു.

**മൂന്നാം ദിവസം**

**പ്രത്യാശ**

അപ്പ.പ്രവർത്തനങ്ങൾ 27:22-34

സങ്കീർത്തനം 27

വി.മത്തായിയുടെ സുവിശേഷം 11:28-30

പ്രാർത്ഥന

കൃപയുടെ ദൈവമേ, നശിച്ച് നിരാശരായി ഞങ്ങൾ അങ്ങിലേക്കു തിരിയുന്നു. അവിടുത്തെ ദാനമായ പ്രത്യാശ ഞങ്ങളിൽ നിറയ്ക്കണമേ. അവിടുത്തെ പുത്രൻ തന്റെ പീഡാനസഹനത്തിന്റെ തലേനാൾ പ്രാർത്ഥിച്ചതുപോലെ ഞങ്ങളുടെ സഭകൾ ഐക്യത്തിനായി പ്രത്യാശ പുലർത്തുകയും പരിശ്രമിക്കുകയും ചെയ്യുമാറാകട്ടെ. അങ്ങയോടും പരിശുദ്ധാരൂപിയോടും കൂടെ നിത്യവും ജീവിക്കുകയും വാഴുകയും ചെയ്യുന്ന അവിടുത്തെ പുത്രന്റെ നാമത്തിൽ ഈ പ്രാർത്ഥന ഞങ്ങൾ സമർപ്പിക്കുന്നു. ആമേൻ.

**നാലാം ദിവസം**

**വിശ്വസ്തത: ഭയപ്പെടേണ്ട, വിശ്വസിക്കൂ.**

അപ്പ.പ്രവർത്തനങ്ങൾ 27:23-26

സങ്കീർത്തനം 56

വി.ലൂക്കായുടെ സുവിശേഷം 12:22 - 34

പ്രാർത്ഥന

സർവ്വശക്തനായ ദൈവമേ, ഞങ്ങളുടെ വ്യക്തിപരമായ പീഡാസഹനം വേദനനിർഭരമായ കണ്ണീരിലേക്ക് ഞങ്ങളെ നയിക്കുന്നു. അസുഖം, ആകുലത പ്രിയപ്പെട്ടവരുടെ വേർപാട്, ഇവ അനുഭവിച്ച് അറിയുമ്പോൾ ഞങ്ങൾ ഭയന്നു പിൻവലിയുന്നു. അങ്ങയിൽ വിശ്വസിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ. ഞങ്ങൾ ഏതു സഭകളിലെ അംഗങ്ങൾ ആയിരിക്കുന്നുവോ, ആ സഭകൾ അങ്ങയുടെ പരിപാലനം തുളുമ്പുന്ന സംരക്ഷണത്തിന്റെ പ്രതീകങ്ങളായി തീരട്ടെ. അവിടുത്തെ വചനം ശ്രവിക്കുവാനും പരസ്പരം സേവനം അനുഷ്ഠിക്കാനും ഞങ്ങളെ പഠിപ്പിച്ച അവിടുത്തെ പുത്രന്റെ യഥാർത്ഥ ശിഷ്യരായി ഞങ്ങളെ പരിരൂപപ്പെടുത്തണമേ. അവിടുത്തെ പുത്രന്റെ നാമത്തിലും പരിശുദ്ധാരൂപിയുടെ ശക്തിയിലും വിശ്വാസപൂർവ്വം ഞങ്ങൾ ഈ പ്രാർത്ഥന സമർപ്പിക്കുന്നു. ആമേൻ.

**അഞ്ചാം ദിവസം**

**ശക്തി: യാത്രയ്ക്കുള്ള ഒരുക്കമായി അപ്പം മുറിക്കുന്നു.**

**അപ്പ.പ്രവ. 27: 33 -36**

**സങ്കീർത്തനം 77**

**വി.മർക്കോസിന്റെ സുവിശേഷം 6:30-44**

പ്രാർത്ഥന

ഞങ്ങളെ സ്നേഹിക്കുന്ന ദൈവമേ, അവിടുത്തെ പുത്രൻ യേശുക്രിസ്തു തന്റെ പീഡാസഹനത്തിന്റെ തലേനാൾ തന്റെ ശിഷ്യന്മാരോടൊപ്പം അപ്പം മുറിക്കുകയും അവരുമായി പാനപാത്രം

പങ്കുവയ്ക്കുകയും ചെയ്തല്ലോ. ആത്മാവിൽ നിന്നു ജനിക്കുന്ന ഐക്യത്തിലും കൂടുതൽ അടപ്പുത്തിലും ഞങ്ങൾ വളരുവാൻ ഇടയാക്കണമേ. വി.പൗലോസിന്റെയും ആദിമ ക്രൈസ്തവരുടെ മാതൃകയ്ക്കനുസൃതമായി ദയയുടെയും ഐക്യദാർഢ്യത്തിന്റെയും യോജിപ്പിന്റെയും 'പാലങ്ങൾ' പണിയുവാൻ ഞങ്ങൾക്കു ശക്തി നല്കണമേ. പരിശുദ്ധാരൂപിയുടെ ശക്തിയിൽ, ഞങ്ങൾക്ക് ജീവനേകുന്ന അങ്ങയുടെ പുത്രന്റെ നാമത്തിൽ ഈ പ്രാർത്ഥന ഞങ്ങൾ സമർപ്പിക്കുന്നു. ആമേൻ.

**ആറാം ദിവസം**

**ആതിഥേയത്വം: അസാധാരണമായ കരുണ കാണിക്കുന്നത്.**

**അപ്പ.പ്രവർത്തനങ്ങൾ 28:1-2,7.**

**സങ്കീർത്തനം 46**

**വി.ലൂക്കായുടെ സുവിശേഷം 14:12-24**

പ്രാർത്ഥന

അനാഥരുടെ, വിധവകളുടെ,പരദേശികളുടെ ദൈവമേ, ആഴമുള്ള ആതിഥേയത്വബോധം ഞങ്ങളിൽ നിറയ്ക്കണമേ. അങ്ങേയ്ക്ക് ആഹാരം നല്കാനും, വസ്ത്രം നല്കാനും, അങ്ങയെ സന്ദർശിക്കാനും അങ്ങ് ഞങ്ങളോടു ആവശ്യപ്പെടുമ്പോൾ, ഞങ്ങളുടെ കണ്ണുകളും ഹൃദയങ്ങളും തുറക്കണമേ. വിശപ്പും ദാഹവും അകൽച്ചയും അവസാനിപ്പിക്കുന്നതിൽ ഞങ്ങളുടെ സഭകൾ സഹകാരികളാകട്ടെ. എല്ലാ ജനതകളെയും സ്വാഗതം ചെയ്ത് സ്വീകരിക്കുന്നതിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്ന വിഘ്നങ്ങളെ തരണം ചെയ്യുന്നതിൽ ഞങ്ങളുടെ സഭകൾ സഹകാരികളാകട്ടെ. എളിയവരിൽ ഏറ്റവും എളിയവരായ സഹോദരങ്ങളിൽ സന്നിഹിതനായിരിക്കുന്ന അങ്ങയുടെ പുത്രൻ യേശുവിന്റെ നാമത്തിൽ ഈ പ്രാർത്ഥന ഞങ്ങൾ സമർപ്പിക്കുന്നു. ആമേൻ

**ഏഴാം ദിവസം**

**മാനസാന്തരം: ഹൃദയങ്ങളും മനസ്സുകളും പരിരൂപപ്പെടുത്തുന്നത്.**

**അപ്പ.പ്രവർത്തനങ്ങൾ 28: 3-6**

**സങ്കീർത്തനം 119: 139-144**

**വി.മത്തായിയുടെ സുവിശേഷം 18:1-6**

പ്രാർത്ഥന

സർവ്വശക്തനായ ദൈവമേ, അനുതാപം നിറഞ്ഞ ഹൃദയങ്ങളോടെ ഞങ്ങൾ അങ്ങയിലേക്കു തിരിയുന്നു. അവിടുത്തെ സത്യത്തിനായി ആത്മാർത്ഥമായ ഞങ്ങളുടെ അന്വേഷണത്തിൽ അന്യരെക്കുറിച്ചുള്ള അന്യായമായ അഭിപ്രായങ്ങളിൽ നിന്നും ഞങ്ങളെ ശുദ്ധീകരിക്കണമേ. ആത്മാവിൽ ജനിക്കുന്ന ഐക്യത്തിൽ വളരുവാൻ ഞങ്ങളുടെ സഭകളെ നയിക്കണമേ. ഞങ്ങളുടെ ഭീതികൾ വെടിയുവാൻ ഞങ്ങളെ സഹായിക്കണമേ. കൂടുതൽ മെച്ചമായി പരസ്പരം മനസ്സിലാക്കുവാനും ഞങ്ങളുടെ ഇടയിലെ പരദേശികളെ മനസ്സിലാക്കാനും ഞങ്ങളെ സഹായിക്കണമേ. നീതിമാനായ അങ്ങയുടെ പ്രിയപുത്രൻ യേശുക്രിസ്തുവിന്റെ നാമത്തിൽ ഈ പ്രാർത്ഥന ഞങ്ങൾ സമർപ്പിക്കുന്നു.

ആമേൻ.

**എട്ടാം ദിവസം**

**മഹാമനസ്കത: സ്വീകരിക്കുന്നതും കൊടുക്കുന്നതും.**

**അപ്പ.പ്രവ. 28:8 -10**

**സങ്കീർത്തനം 103:105**

**വി.മത്തായിയുടെ സുവിശേഷം 10: 7-8**

പ്രാർത്ഥന

ജീവദാതാവായ ദൈവമേ, ദയനിറഞ്ഞ അവിടുത്തെ സ്നേഹദാനത്തിനു ഞങ്ങൾ നന്ദി പറയുന്നു. അത് ഞങ്ങൾക്ക് സാന്ത്വനവും ശക്തിയും നല്കുന്നു. തമ്മിൽ തമ്മിൽ അവിടുത്തെ ദാനങ്ങൾ കൈമാറാൻ ഞങ്ങളുടെ സഭകളെ തുറന്ന മനസ്സുള്ളവരാകാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ക്രൈസ്തവഐക്യത്തിന്റെ പാതയിൽ ഞങ്ങൾ യാത്രചെയ്യുമ്പോൾ, ഉദാരതയുടെ അരൂപി ഞങ്ങളിൽ നിറയ്ക്കണമേ. അങ്ങയോടും പരിശുദ്ധാരൂപിയോടും കൂടെ വാഴുന്ന അങ്ങയുടെ പുത്രന്റെ നാമത്തിൽ ഈ പ്രാർത്ഥന ഞങ്ങൾ സമർപ്പിക്കുന്നു. ആമേൻ.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025